# നവകേരളം വാർത്ത

2023 മാർച്ച് 16-31 ന്യൂസ് ലെറ്റർ


# ജലബജറ്റുമായി 94 ഗ്രാമപഞ്ചായത്തുകൾ

സംസ്ഥാനത്തെ 94 ഗ്രാമപഞ്ചായത്തുകളിൽ ജലബജറ്റ് തയ്യാറായി. ലോക ജലദിനമായ മാർച്ച് 22 നോ, അടുത്തുള്ള ദിവസങ്ങളിലോ ഈ ഗ്രാമപഞ്ചായത്തുകളിൽ ഇതു സംബന്ധിച്ച അവതരണം നടക്കും.2023 ഏപ്രിൽ 12 ന് തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ജലബജറ്റ് പ്രകാശനം നിർവഹിക്കും. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളെയും അടിസ്ഥാനമാക്കി ജലബജറ്റ് തയ്യാറാക്കാനുള്ള പദ്ധതിയുടെ ആദ്യഘട്ടമാണിത്. തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ, കൊല്ലം ജില്ലയിലെ മുഖത്തല, പത്തനംതിട്ടയിലെ മല്ലപ്പള്ളി, ആലപ്പുഴയിലെ മാവേലിക്കര, കോട്ടയത്തെ ഈരാറ്റുപേട്ട, ഇടുക്കി ജില്ലയിലെ ഇടുക്കി, എറണാകുളത്തെ മുളന്തുരുത്തി, തൃശൂരിലെ ചൊവ്വന്നൂർ, പാലക്കാട്ടെ ചിറ്റൂർ, മലപ്പുറത്തെ കൊണ്ടോട്ടി, കോഴിക്കോട്ടെ കുന്ദമംഗലം, വയനാട്ടിലെ മാനന്തവാടി, കണ്ണൂർ ജില്ലയിലെ പേരാവൂർ, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് എന്നീ ബ്ലോക്ക് പഞ്ചായത്തു പരിധിയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുമാണ് ജലബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജലത്തിന്റെ ലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി ജലബജറ്റ് തയ്യാറാക്കുന്നതു സംബന്ധിച്ച പരിശീലനം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നൽകിയിരുന്നു. തുടർന്നു നടത്തിയ ജനകീയ പ്രവർത്തനത്തിലൂടെയാണ് ജലബജറ്റുകൾ തയ്യാറാക്കിയത്. ഒരു പ്രദേശത്തിന്റെ ജലസ്രോതസ്സുകളുടെ പരിപാലനം ഉറപ്പാക്കി വിവിധ ആവശ്യങ്ങൾക്ക് സുസ്ഥിരമായ ജല വിതരണം സാധ്യമാക്കുന്നതിന് ഏറെ സഹായകരമാണ് ജലബജറ്റ്.

# പഠിപ്പുറസി വേറിട്ടൊരു അധ്യയനം



സാമൂഹികമായും സാമ്പത്തികമായും അരികുവൽക്കരിക്കപ്പെട്ട സമൂഹത്തിനു കൂടി ഇടം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി പാർശ്വവൽകൃത വിഭാഗങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി സമഗ്രശിക്ഷാ കേരളം നടപ്പിലാക്കിയ പദ്ധതിയാണ് 'പഠിപ്പുറസി'. ലിപിയില്ലാത്ത മുതുവാൻ ഭാഷയിലെ വാമൊഴിവാക്കുകൾ മലയാളലിപിയിൽ ചിത്രങ്ങളുടെ സഹായത്തോടെ കുട്ടികളെ എഴുതാനും വായിക്കാനും പഠിപ്പിക്കുക എന്നതാണ് പഠിപ്പുറസി പദ്ധതിയുടെ ലക്ഷ്യം. ഇടുക്കി ജില്ലയിലെ മൂന്നാർ വിദ്യാഭ്യാസ ഉപജില്ലയിലുള്ള ഇടമലക്കുടി, പള്ളനാട്, മറയൂർ, ചെമ്പകത്തൊഴുക്കുടി, ബൈസൺവാലി, മാങ്കുളം, കുറത്തിക്കുടി എന്നീ ലോവർ പ്രൈമറി സ്കൂളുകളിലെ മുഴുവൻ സമുദായത്തിൽപ്പെട്ട മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾക്കാണ് പ്രത്യേകം തയ്യാറാക്കിയ പാഠപുസ്തകത്തിന്റെ സഹായത്തോടെ പരിശീലനം നൽകുന്നത്. ഇടമലക്കുടി ട്രൈബൽ എൽ.പി. സ്കൂളിലെ കുട്ടികളുടെ പഠന മികവുകൾ പൊതു സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യവുമായി 29 കുട്ടികളും അധ്യാപകരും രക്ഷിതാക്കളും ഇടുക്കി ജില്ലാ വിദ്യാഭ്യാസ കോഡിനേറ്റർമാരും തിരുവനന്തപുരത്ത് എത്തി. മുഖ്യമന്ത്രി പിണറായി വിജയൻ, വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ജീവൻബാബു കെ. ഐഎഎസ് എന്നിവരെ സന്ദർശിച്ചു.



ഈ യാത്രയെക്കുറിച്ച് കുട്ടികൾക്ക് എന്താണ് പറയാനുള്ളതെന്ന ചോദ്യത്തിന് ഇടമലക്കുടിയിലെ അധ്യാപകൻ സി.എ. ഷമീർ നൽകുന്ന മറുപടി: “സ്വപ്നം കാണുന്നതാണോ സാറേ ഇതൊക്കെ” എന്ന ചോദ്യമായിരുന്നു പല കുട്ടികളിൽ നിന്നും ലഭിച്ച പ്രതികരണം. പ്രമുഖ വ്യക്തികളെ കണ്ടതും വ്യത്യസ്ത ഭക്ഷണം രുചിച്ചതും വെവ്വേറെ വാഹനങ്ങളിൽ യാത്ര ചെയ്തതുമെല്ലാം കുട്ടികൾക്ക് സ്വപ്നതുല്യമായ അനുഭവമുണ്ടാക്കി.


# രാജ്യത്തിന് മാതൃകയായ ജീവിതശൈലി സ്ക്രീനിംഗ് 80 ലക്ഷത്തിലേക്ക്



ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ 'അൽപം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന കാമ്പയിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി 80 ലക്ഷത്തോളം പേരെ വീട്ടിലെത്തി ജീവിതശൈലീ രോഗനിർണയ സ്ക്രീനിംഗ് നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ രംഗത്ത് ചികിത്സയോടൊപ്പം രോഗപ്രതിരോധത്തിനും പ്രാധാന്യം നൽകിയാണ് കാമ്പയിൻ ആരംഭിച്ചത്. രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിലൂടെ സങ്കീർണതകളിലേക്ക് പോകാതെ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിന് സാധിക്കുന്നു. മാത്ര മല്ല ജീവിതശൈലിയിൽ മാറ്റം വരുത്തിയും വ്യായാമത്തിലൂടെയും ജീവിതശൈലീ രോഗങ്ങൾ വരാതെ നോക്കാനും സാധിക്കുന്നുവെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തെ ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി ആരോഗ്യ വകുപ്പ് വിപുലമായ പദ്ധതിയാണ് ആവിഷ്ക്കരിച്ചു വരുന്നത്. ജീവിതശൈലി രോഗനിയന്ത്രണത്തിനുള്ള രാജ്യത്തെ ഏക സാംക്രമികേതര രോഗ പദ്ധതിയായ ശൈലി പോർട്ടൽ വികസിപ്പിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും ഈ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു. ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്ക്കരിച്ച ജനകീയ കാമ്പയിനും സ്ക്രീനിംഗും ആരോഗ്യ രംഗത്ത് രാജ്യത്തെ തന്നെ മികച്ച മാതൃകയായി.

# ശൈലി ആപ്പ് – കാൻസർ കെയർ സ്യൂട്ട് പരിശീലന പരിപാടി

ജീവിതശൈലി രോഗങ്ങളുടെ ജനസംഖ്യാടിസ്ഥാനത്തിലുള്ള പ്രാഥമിക വിലയിരുത്തലിനും പരിശോധനയ്ക്കുമുള്ള ശൈലി മൊബൈൽ ആപ്ലിക്കേഷൻ, കാൻസർ കെയറുമുള്ള കെയർ സ്യൂട്ട് എന്നിവയുടെ പരിശീലനം ജില്ലകളിൽ പുരോഗമിക്കുന്നു. എറണാകുളം ജില്ലയിൽ ആർദ്രം മിഷന്റെ ആഭിമുഖ്യത്തിൽ ശൈലി ആപ്പും കാൻസർ കെയർ സ്യൂട്ടുമായി സംബന്ധിച്ച, പരിശീലകർക്കുള്ള ബ്ലോക്ക്തല പരിശീലന പരിപാടി സംഘടിപ്പിച്ചു. ഇതിനു പുറമേ വയനാട്, മീനങ്ങാടി സി.എച്ച്.സി. യിൽ ശൈലി ആപ്പ് – ജീവിതശൈലിരോഗങ്ങളുടെ വിവരശേഖരണം സംബന്ധിച്ച് ആശ പ്രവർത്തകർക്കും കാൻസർ കെയർ



സ്യൂട്ട് സംബന്ധിച്ച് മറ്റ് ആരോഗ്യപ്രവർത്തകർക്കും പരിശീലനം നൽകി.

# ജീവിതശൈലിരോഗനിയന്ത്രണത്തിന് 'തൃശൂർ ഹെൽത്ത് ലൈൻ'

ജീവിത ശൈലി രോഗനിയന്ത്രണത്തിന് തൃശൂർ ജില്ലയ്ക്ക് ഇനി 'തൃശൂർ ഹെൽത്ത് ലൈൻ'. ജില്ലാ പഞ്ചായത്തിന്റെയും ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) നടപ്പിലാക്കുന്ന സംയുക്ത പദ്ധതിയാണ് തൃശൂർ ഹെൽത്ത് ലൈൻ. നിലവിൽ ആരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് ജീവിത ശൈലി രോഗങ്ങൾ കണ്ടെത്താനുള്ള സ്ക്രീനിംഗ് സംവിധാനം ഉള്ളത്. ഇത് ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്ന രീതിയിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന മേഖലയിലും വിദഗ്ദ്ധരെ ഉൾപ്പെടുത്തിയിട്ടുള്ള




മെഡിക്കൽ ക്യാമ്പുകൾ, വീടുകളിൽതന്നെ ചെയ്യാവുന്ന പെരിട്ടോണിയൽ ഡയാലിസിസ്, കൂടാതെ വാർഡ് / ഡിവിഷൻ തലത്തിൽ ഒരു സ്ഥിരമായ സ്ക്രീനിംഗ് സംവിധാനം തുടങ്ങിയ സേവനങ്ങൾ ഉൾപ്പെടുത്തിയാണ് തൃശൂർ ഹെൽത്ത് ലൈന് രൂപം നൽകിയിട്ടുള്ളത്. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം റവന്യൂ മന്ത്രി കെ. രാജൻ നിർവഹിച്ചു. കേരളത്തിന്റെ പാരമ്പര്യത്തോളം ഉയർന്ന ആശയമാണ് തൃശൂർ ഹെൽത്ത് ലൈൻ പദ്ധതിയെന്ന് മന്ത്രി പറഞ്ഞു. പദ്ധതിയുടെ ഭാഗമായി ജില്ലാ കളക്ട്രേറ്റിലെ ജീവനക്കാർക്കായി ജീവിത ശൈലീ രോഗനിർണ്ണയ ക്യാമ്പും ഇ-ഹെൽത്ത് യു.എച്ച്.ഐ.ഡി. കാർഡ് വിതരണവും സംഘടിപ്പിച്ചു.

# പൊതുവിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റം: മന്ത്രി വി ശിവൻകുട്ടി



പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ കഴിഞ്ഞ ഏഴ് വർഷം കൊണ്ട് സംസ്ഥാന സർക്കാർ വിപ്ലവകരമായ മാറ്റമാണ് ഉണ്ടാക്കിയതെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി.

തിരുവനന്തപുരം ജില്ലയിലെ വെയിലൂർ ഗവൺമെന്റ് ഹൈസ്കൂളിലെ ബഹുനില മന്ദിരങ്ങളുടെയും വാർഷികാഘോഷത്തിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ഒന്നാം പിണറായി സർക്കാർ കൊണ്ടുവന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും രണ്ടാം പിണറായി സർക്കാരിന്റെ വിദ്യാകിരണം പദ്ധതിയും പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ വലിയ മാറ്റമുണ്ടാക്കി. മൂവായിരം കോടി രൂപയുടെ വികസനമാണ് ഇക്കാലയളവിൽ ഉണ്ടായത്. കിഫ്ബി പ്ലാൻ, മറ്റു ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് നിരവധി കെട്ടിടങ്ങൾ, ലാബുകൾ, ലൈബ്രറികൾ, തുടങ്ങിയവ നമ്മുടെ വിദ്യാലയങ്ങളിൽ ഉയർന്നു. ക്ലാസ്സുകൾ ഹൈടെക്കായി. വൃത്തിയുള്ള അടുക്കളയും സ്റ്റോർ റൂമും സ്കൂളുകളിലുണ്ടായി. കേന്ദ്ര സർക്കാരിന്റെ പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡക്സിൽ കേരളം പ്രഥമ ശ്രേണിയിലായെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാന സർക്കാർ നബാർഡ് ഫണ്ടിൽ നിന്ന് രണ്ടു കോടി രൂപ ചെലവഴിച്ചാണ് പുതിയ മന്ദിരം നിർമിച്ചത്. ചിറയിൻകീഴ് എംഎൽഎ വി. ശശി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ജനപ്രതിനിധികൾ, അധ്യാപകർ, പിടിഎ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ : ഹരിതകേരളം മിഷൻ സാങ്കേതിക ശിൽപ്പശാല സംഘടിപ്പിച്ചു



ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കാർബൺ ന്യൂട്രൽ കേരളം ലക്ഷ്യമിട്ട് ആരംഭിച്ച 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' കാമ്പയിന്റെ ഭാഗമായി കാർബൺ എമിഷൻ കണക്കാക്കുന്നതിനുള്ള സാങ്കേതിക പരിശീലനം നടന്നു. തിരുവനന്തപുരം കരകുളം ഗ്രാമീണ പഠന കേന്ദ്രത്തിൽ രണ്ട് ദിവസങ്ങളിലായി നടന്ന ശിൽപശാല നവകേരളം കർമ്മ പദ്ധതി കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. 'സ്ഥാപനങ്ങളിലെ എനർജി ഓഡിറ്റിംഗ്' എന്ന വിഷയത്തിൽ തിരുവനന്തപുരം എനർജി മാനേജ്മെന്റ് സെന്ററിലെ എനർജി ടെക്നോളജിസ്റ്റ് ഇജാസ് എം.എ. ക്ലാസെടുത്തു. 'കാർബൺ എമിഷൻ കണക്കാക്കുന്നതിനുള്ള സമീപനവും രീതിശാസ്ത്രവും' എന്ന വിഷയത്തിൽ കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ് അസി. പ്രൊഫസർ ഡോ. സുകേഷ് എ. എന്നിവർ ക്ലാസ് നയിച്ചു. ഗ്രൂപ്പ് വർക്കായി എനർജി ഓഡിറ്റിംഗ് വിവരശേഖരണവും, ഫീൽഡ് വർക്കായി വീടുകളിൽ നിന്ന് നേരിട്ടുള്ള വിവരശേഖരണവും നടത്തി. എമിഷൻ ലഘൂകരണ പ്രവർത്തനങ്ങൾ എന്ന വിഷയത്തിലും പരിശീലനം നടന്നു. വിവിധ ജില്ലകളിൽ നിന്നുള്ള കോർ ഗ്രൂപ്പ് അംഗങ്ങളും റിസോഴ്സ് പേഴ്സൺമാരുമാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

# രായമംഗലം ഗ്രാമപഞ്ചായത്തിലെ തായ്ക്കരചിറ നവീകരിച്ചു

എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമപഞ്ചായത്തിലെ തായ്ക്കരചിറ നവീകരണത്തിന്റെയും ഡേ&നൈറ്റ് വാക് വേ ഉദ്ഘാടനവും നഗരസഞ്ചയ പദ്ധതിയുടെ ഭാഗമായി ലഭിച്ച ഹരിത കർമ്മസേനയുടെ ഇ-ഓട്ടോയുടെ ഫ്ളാഗ് ഓഫും ജില്ലാ കളക്ടർ ഡോ. രേണുരാജ് നിർവ്വഹിച്ചു. കൊച്ചി ഷിപ്പ്യാർഡിന്റെ സി.എസ്.ആർ. ഫണ്ടും ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടും ഉപയോഗിച്ച് ജില്ലാ ഭരണ കൂടവും ഹരിതകേരളം മിഷനും ഗ്രാമ പഞ്ചായത്തും നടത്തിയ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് നവീകരണ പ്രവൃത്തി പൂർത്തികരിച്ചത്. 13 ലക്ഷത്തോളം രൂപ ചെലവഴിച്ചാണ് കുളത്തിന്റെ നവീകരണവും വാക് വേ നിർമ്മാണവും പൂർത്തിയാക്കിയത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ.പി. അജയകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ഹരിതകേരളം റിസോഴ്സ് പേഴ്സൺമാർ എന്നിവർ പങ്കെടുത്തു.

# നവകേരളത്തിനായി ക്യാമ്പസുകൾ

നവകേരളം കർമ്മപദ്ധതി 2 മലപ്പുറം ജില്ലാ മിഷന്റെ 'നവ കേരളത്തിനായി ക്യാമ്പസുകൾ' എന്ന കാമ്പയിൻ മഞ്ചേരി



യിലെ കൊരമ്പയിൽ അഹമ്മദ് ഹാജി മെമ്മോറിയൽ യൂണിറ്റി വനിതാ കോളേജിൽ ആരംഭിച്ചു. കോളേജിലെ സസ്യശാസ്ത്ര വിഭാഗത്തോടൊപ്പം നാഷണൽ സർവീസ് സ്കീം യൂണിറ്റിന്റെയും ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. ചടങ്ങിന്റെ ഉദ്ഘാടനം പ്രിൻസിപ്പാൾ ഡോ. മുഹമ്മദ് ബഷീർ ഉമ്മത്തൂർ നിർവ്വഹിച്ചു. നവകേരളം കർമ്മപദ്ധതിയുടെ മലപ്പുറം ജില്ലാ കോർഡിനേറ്റർ ജിതിൻ ടി.വി.എസ്. അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷന്റെ മൂന്ന് ഉപദൗത്യങ്ങൾ സംബന്ധിച്ച് സാങ്കേതിക സെഷനുകൾ വിദ്യാർത്ഥികൾക്കായി ഒരുക്കി. മണ്ണ്-ജല സംരക്ഷണം ഉപദൗത്യം, മാലിന്യ സംസ്കരണം, പരിസ്ഥിതി സംരക്ഷിത കാർഷിക വികസനം എന്നീ സെഷനുകളിൽ നവകേരളം കർമ്മപദ്ധതിയുടെ ഇന്റേൺഷിപ്പ് ട്രെയിനീമാരായ മൻസൂർ പന്തല്ലൂക്കാരൻ, നിമിത കെ., റഷ്ബി ജഹാൻ വി. എന്നിവർ സംസാരിച്ചു.

# ഹരിത കർമസേനയ്ക്ക് ട്രോളി നൽകി തൃപ്രങ്ങോട്ടൂർ

കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ ഹരിത കർമസേനക്ക് ട്രോളിയും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തു. വൈസ് പ്രസിഡന്റ് നെല്ലൂർ ഇസ്മായിൽ മാസ്റ്റർ ഉദ്ഘാടനം നിർവഹിച്ചു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷമീന കുഞ്ഞിപറമ്പത്ത് അധ്യക്ഷത വഹിച്ചു. വി.ഇ.ഒ അബ്ദുൾ നാസർ പദ്ധതി വിശദീകരിച്ചു. ഒരു വാർഡിന് ഒരു ട്രോളിയും ട്രാഷ്പിക്കറും വീതം ആകെ 18 മെറ്റൽ ട്രോളികളും ട്രാഷ് പിക്കറുകളും കൂടാതെ പഞ്ചായത്തിലെ 36 ഹരിത കർമസേനാംഗങ്ങൾക്കും സേഫ്റ്റിക്യാപ്, ഗംബൂട്ട്, റെയിൻ കോട്ട് എന്നിവയുമാണ് പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്തത്.



# കബനിക്കായ് വയനാട്

## വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ മാപത്തോൺ

ഹരിതകേരളം മിഷന്റെ കബനിക്കായ് വയനാട് കാമ്പയിനിന്റെ ഭാഗമായുള്ള നീർച്ചാൽ മാപത്തോൺ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ നടന്നു. ഗ്രാമപഞ്ചായത്തു പ്രസിഡന്റ് സുധി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ശാരദ അധ്യക്ഷത വഹിച്ച ചടങ്ങിൽ നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു കാമ്പയിൻ വിശദീകരിച്ചു. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സൽമത്ത്, വാരാമ്പറ്റ വാർഡ് മെമ്പർ അസീസ്, ആസൂത്രണ സമിതി ഉപാധ്യക്ഷൻ മംഗലശേരി നാരായണൻ എന്നിവർ സംസാരിച്ചു.








വലിച്ചെറിയൽ മുക്തകേരളത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ ഏരുവേശ്ശി ഗ്രാമപഞ്ചായത്തും, വ്യാപാരികൾ, ഹരിതകർമ്മ സേനാംഗങ്ങൾ, കുടുംബശ്രീ, ആരോഗ്യപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ചെമ്പേരി ടൗൺ ശുചീകരണ പ്രവർത്തനം നടത്തി. ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ടെസ്സി ഇമ്മാനുവൽ ഉദ്ഘാടനം ചെയ്തു.

# തകഴി ഗ്രാമപഞ്ചായത്ത് പച്ചത്തുരുത്ത് ഉദ്ഘാടനം



തകഴി ഗ്രാമപഞ്ചായത്ത് ശ്രീ ധർമ്മ ശാസ്താ ക്ഷേത്ര പരിസരത്ത് 118 സെന്റ് സ്ഥലത്ത് ചെയ്ത പച്ചത്തുരുത്തിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് എസ്. അജയകുമാർ നിർവഹിച്ചു. നവകേരളം കർമ്മപദ്ധതി ജില്ലാ കോർഡിനേറ്റർ കെ. എസ് രാജേഷ് പദ്ധതി വിശദീകരിച്ചു. സോഷ്യൽ ഫോറസ്ട്രി മുഖേന 800 ഫല വൃക്ഷ തൈകളാണ് ഇവിടെ ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്ത് പ്രസിഡന്റും ക്ഷേത്ര ഉപദേശക സമിതി അംഗങ്ങളും വാർഡ് മെമ്പറും ഉൾപ്പെട്ട സംഘാടക സമിതി രൂപീകരണവും നടന്നു. പച്ചതുരുത്തിൽ ഔഷധ സസ്യങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. ക്ഷേത്ര ഉപദേശക സമിതി അംഗങ്ങളുടെ നേതൃത്വത്തിലുള്ള പരിപാലനവും ഉറപ്പാക്കിയിട്ടുണ്ട്. പച്ചതുരുത്തിനു സമീപത്തുള്ള കുളങ്ങൾ തൊഴിലുറപ്പിൽ ഉൾപ്പെടുത്തി ആഴം കൂട്ടി കയർ ഭൂവസ്ത്രം വിരിച്ച് രാമച്ചം വച്ച് വൃത്തിയാക്കി എടുക്കുവാനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

# മാലിന്യമുക്ത തൃത്താല രണ്ടാം ഘട്ട കാമ്പയിൻ എട്ടര ടൺ തുണി മാലിന്യം നീക്കം ചെയ്തു



നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷനുമായി ചേർന്ന് നടപ്പിലാക്കുന്ന 'സുസ്ഥിര തൃത്താല - മാലിന്യമുക്ത തൃത്താല' പദ്ധതിയുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി മാലിന്യം ശേഖരിക്കുകയും നീക്കം ചെയ്യുകയും ചെയ്യുന്ന രണ്ടാം ഘട്ട കാമ്പയിൻ പ്രവർത്തനങ്ങൾ പൂർത്തിയായി.

രണ്ടാം ഘട്ടത്തിൽ ഹരിത കർമസേന വീടുകളിൽ നിന്നും ശേഖരിച്ച എട്ടര ടൺ തുണി മാലിന്യങ്ങളാണ് ഒരു ദിവസം കൊണ്ട് ക്ലീൻ കേരള കമ്പനി തൃത്താല മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലെ വിവിധ കേന്ദ്രങ്ങളിൽ നിന്നും നീക്കം ചെയ്തത്.

ബാഗ്, ലെതർ ഇനങ്ങൾ, ചെരുപ്പ്, തെർമോക്കോൾ എന്നിവ ഉൾപ്പെട്ട പത്തര ടൺ നിഷ്ക്രിയ മാലിന്യങ്ങൾ ഫെബ്രുവരി 25ന് ക്ലീൻ കേരള കമ്പനി പൂർണ്ണമായും നീക്കം ചെയ്തിരുന്നു.

# മലയാലപ്പുഴ പൊങ്കാല : ശുചീകരണ പ്രവർത്തനങ്ങളിൽ ഹരിത കർമ്മസേന



പത്തനംതിട്ട ജില്ലയിലെ ചരിത്ര പ്രസിദ്ധമായ മലയാലപ്പുഴ ദേവീക്ഷേത്രത്തിലെ പൊങ്കാല മഹോത്സവത്തിന് ശേഷം ഹരിത കർമ്മസേന അംഗങ്ങൾ ജൈവ-അജൈവ മാലിന്യ ശേഖരണവും, തൃക്കൊടിയേറ്റിനു മുന്നോടിയായി ശുചീകരണ പ്രവർത്തനവും നടത്തി. രണ്ടുഗ്രൂപ്പുകളായി തിരിഞ്ഞ് 18 ഹരിത കർമ്മസേന അംഗങ്ങൾ ശുചീകരണ യജ്ഞത്തിൽ പങ്കെടുത്തു.




# വാണിയംകുളം ഗ്രാമ പഞ്ചായത്തിൽ മെഗാ ക്ലീൻ കാമ്പയിൻ

പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ മാലിന്യനിർമ്മാർജ്ജന യജ്ഞം വലിച്ചെറിയൽമുക്ത കേരളം ശുചിത്വ മിത്രോത്സവം എന്നിവയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നടന്ന മെഗാ ക്ലീൻ കാമ്പയിനിൽ ഹരിത കർമ്മസേനാംഗങ്ങൾ 50 ടൺ നിഷ്ക്രിയ മാലിന്യങ്ങൾ വീടുകളിൽ നിന്നും ശേഖരിക്കുകയും ക്ലീൻ കേരള കമ്പനി നീക്കം ചെയ്യുകയും ചെയ്തു. 'വൃത്തിയുള്ള വാണിയംകുളം' എന്ന പ്രത്യേക മാലിന്യ പരിപാലന കാമ്പയിൻ ഫെബ്രുവരി 15 ന് പനയൂർ മിനിപ്പടിയിൽ നിന്നാണ് ആരംഭിച്ചത്. പഞ്ചായത്തിലെ മുഴുവൻ വീടുകൾ, സ്ഥാപനങ്ങളിൽ നിന്നുള്ള അജൈവ മാലിന്യങ്ങൾ കലണ്ടർ പ്രകാരം ശേഖരിക്കുകയും കൂടാതെ കാമ്പയിന്റെ ഭാഗമായി നിലവിലെ മുഴുവൻ മാലിന്യങ്ങളും ശേഖരിച്ച് നീക്കം ചെയ്യലും ഊർജിതമാക്കിയാണ് മെഗാ കാമ്പയിൻ പൂർത്തിയാക്കിയത്. വാണിയംകുളം പഞ്ചായത്തിലെ 18 വാർഡുകളിലും മാലിന്യ പരിപാലന പദ്ധതി കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. മെഗാ കാമ്പയിൻ സമാപനത്തിന്റെ ഭാഗമായി വാണിയംകുളം ഗ്രാമ പഞ്ചായത്തിൽ നടന്ന ശുചിത്വ സംഗമം പരിപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ഗംഗാധരൻ ഉദ്ഘാടനം ചെയ്തു.

# ഹരിത ബജറ്റുമായി ആതവനാട് ഗ്രാമപഞ്ചായത്ത്

ശുചിത്വ - മാലിന്യ പരിപാലനം, അടിസ്ഥാന സൗകര്യ വികസനം, പൊതുജനാരോഗ്യം, കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകി മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്ത് അവതരിപ്പിച്ച ബജറ്റിൽ 'ഗ്രീൻ ആതവനാട്' എന്ന പേരിൽ ആരംഭിച്ചിട്ടുള്ള ശുചിത്വ മാലിന്യ പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി ശുചിത്വ ഗ്രാമസഭ സംഘടിപ്പിക്കുകയും ഗ്രാമപഞ്ചായത്തുകളുടെ ചരിത്രത്തിൽ ആദ്യമായി 'ഹരിതബജറ്റ്' വാർഷിക ബജറ്റിനോടാപ്പം പ്രത്യേകമായി അവതരിപ്പിക്കുകയും ചെയ്തു. ഒരു പ്രത്യേക ബജറ്റ് അവതരിപ്പിച്ച് എന്നതിലുപരി ശുചിത്വത്തിന് ഗ്രാമപഞ്ചായത്ത് നൽകുന്ന പ്രത്യേക പരിഗണനയും ശ്രദ്ധയുമാണ് ഹരിത ബജറ്റ് അവതരണത്തിലൂടെ പ്രതിഫലിക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് അധ്യക്ഷ പറഞ്ഞു. പുത്തനത്താണി ടൗണിൽ ഖര-ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ്, ഹരിതകർമ്മസേനയുടെ മാതൃകയിൽ സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ഗ്രീൻ ഗാർഡ്, പ്രധാന കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ബോട്ടിലുകൾ ഒഴിവാക്കിയുള്ള വാട്ടർ എ.ടി.എം., കാർഷിക-മാലിന്യ സംസ്കരണ-വരുമാനദായക പ്രവർത്തനങ്ങളെ സംയോജിപ്പിച്ച് ഹരിത ഭവനങ്ങളാക്കുന്ന ഹരിതാഭ ആതവനാട്, പ്ലാന്റ് ഹെൽത്ത് ക്ലിനിക് തുടങ്ങിയവ പ്രധാനപ്പെട്ട ഹരിത ബജറ്റ് പ്രഖ്യാപനങ്ങളാണ്.



# എന്റെ വാർഡ് 100/100



ഹരിതകേരളം മിഷന്റെ വയനാട് ജില്ലയിലെ 'എന്റെ വാർഡ് 100/100' കാമ്പയിനിന്റെ ഭാഗമായി വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ 9,10 വാർഡുകൾ ഫെബ്രുവരി മാസം 100% യൂസർഫീ നേട്ടം കൈവരിച്ചു. തദ്ദേശ സ്ഥാപനങ്ങളിൽ 100% യൂസർ ഫീ ഉറപ്പുവരുത്തുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഏറ്റെടുത്തു നടത്തുന്ന കാമ്പയിനാണിത്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ. മാസത്തിന്റെ ഇടവേളകളിൽ പഞ്ചായത്തു മെമ്പർമാരുടെ നേതൃത്വത്തിൽ പുരോഗതി വിലയിരുത്തും. ചടങ്ങിൽ ഹരിതകേരളം മിഷന്റെ അനുമോദന പത്രം കൈമാറി.



# ഇലന്തൂർ പഞ്ചായത്തിൽ അതിദാരിദ്ര്യ ലിസ്റ്റിലുള്ളവരുടെ ഭവനനിർമ്മാണവും ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടവും

ഇലന്തൂർ ഗ്രാമപഞ്ചായത്തിലെ അതിദാരിദ്ര്യ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താവിന് വീടിന്റെ ആദ്യഗഡു വിതരണവും ഗ്രാമപഞ്ചായത്തിലെ 30 വീടുകളുടെ നിർമ്മാണ ഉദ്ഘാടനവും ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ നിർവഹിച്ചു. ശാരീരിക അവശതകൾ ബാധിച്ച സമൂഹത്തിലെ കുടുംബങ്ങളെ സഹായിക്കേണ്ട ഉത്തരവാദിത്വം ഗ്രാമപഞ്ചായത്ത് തലത്തിൽ ഊർജ്ജിതപ്പെടുത്തുന്നതിനും അവർക്കു വേണ്ടുന്ന സഹായങ്ങൾ ലഭ്യമാക്കുന്നതിനും കൂടുതൽ നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ സമർപ്പിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർ പറഞ്ഞു. പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ജില്ലാ കളക്ടർ ആദ്യഗഡു വിതരണം ചെയ്തു.

# ലൈഫ് ഭവനപദ്ധതി : കടമ്പൂർ ഗ്രാമപഞ്ചായത്ത് ഭവനസമുച്ചയം



കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിൽ ഭൂരഹിത ഭവനരഹിതർക്കായി 41.03 സെന്റിൽ ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന സമുച്ചയം. നാലു നിലകളിലായി ആകെ 44 യൂണിറ്റുകളാണ് ഉള്ളത്. ഇതിൽ 42 ഭവനങ്ങളും, ബാക്കി രണ്ടെണ്ണം പൊതു ആവശ്യത്തിനുള്ള ഒരു അംഗൻവാടിയും ഒരു വയോജന കേന്ദ്രവുമാണ്.

നാലുനിലകളിലായി കെട്ടിടത്തിന്റെ ആകെ വിസ്തീർണം 26857 ചതുരശ്ര അടിയാണ്. ഇതിൽ ഒരു വീടിന്റെ വിസ്തീർണ്ണം 511.53 ചതുരശ്ര അടിയാണ്. ഭിന്നശേഷിക്കാർക്കും, മറ്റ് ശാരീരികമായ അവശതയുള്ളവർക്കുമായി താഴത്തെ നിലയിൽ 2 ഭവനങ്ങൾ നിർമിച്ചിട്ടുണ്ട്. ഒരു ഹാൾ, രണ്ടു കിടപ്പ് മുറി, ഒരു അടുക്കള, ഒരു കക്കൂസ്, ഒരു കുളിമുറി, ഒരു ബാൽക്കണി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഭവന സമുച്ചയത്തിൽ പൊതുവായി ഒരു ഇടനാഴി, ഗോവണി, അഗ്നിശമന സംവിധാനങ്ങൾ, വൈദ്യുതി, കുടിവെള്ളത്തിനായി കുഴൽ കിണർ, കുടിവെള്ള സംഭരണി, സോളാർ ലൈറ്റ് സംവിധാനം, ഖരമാലിന്യ സംസ്കരണം, ചുറ്റുമതിൽ, മഴവെള്ള സംഭരണി, ജനറേറ്റർ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

കെട്ടിട നിർമാണം പ്രീ ഫാബ് സാങ്കേതിക വിദ്യയിലാണ് നിർമിച്ചിരിക്കുന്നത്. ഹൈദരാബാദ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പെന്നാർ ഇൻഡസ്ട്രീസ് എന്ന കമ്പനിയാണ് നിർമാണം നിർവഹിച്ചത്. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ടിങ് സൊസൈറ്റിയാണ് പദ്ധതിയുടെ കൺസൾട്ടൻസി നിർവ്വഹണം നടത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ കരാർ തുക 6.07 കോടി രൂപയാണ്. LGSF സാങ്കേതിക വിദ്യയിൽ കെട്ടിടത്തിന്റെ ഫ്രെയിം നിർമിച്ചു അത് ഫൈബർ സിമന്റ് ബോർഡ് ഉപയോഗിച്ച് കവർ ചെയ്തു ചുമർ നിർമിച്ചിരിക്കുന്നു. കോൺക്രീറ്റ് ഉപയോഗിച്ചാണ് കെട്ടിടത്തിന്റെ നാലു നിലകളും വാർത്തിരിക്കുന്നത്. കെട്ടിടത്തിൽ മതിയായ കാറ്റും വെളിച്ചവും ലഭിക്കുന്നതിന് രണ്ടു അകമുറ്റം നൽകിയിട്ടുണ്ട്. ഫ്ളോറിങ് മുറികളിൽ സെറാമിക് ടൈലും പൊതു ഇടങ്ങളിൽ വിട്രിഫൈഡ് ടൈലുമാണ്. ഫാൻ, ലൈറ്റ്, എന്നിവയും വാഷിംഗ് മെഷിൻ, ഫ്രിഡ്ജ് ഇവയ്ക്കുള്ള സംവിധാനങ്ങളും നൽകിയിട്ടുണ്ട്.

കെട്ടിടത്തിനോട് അനുബന്ധിച്ചു നടത്തിയ മറ്റ് അനുബന്ധ പ്രവർത്തികളായ റോഡ് നിർമാണം, ചുറ്റുമതിൽ, ഗേറ്റ്, കുടിവെള്ള സംഭരണി, മഴവെള്ള സംഭരണി, ഖരമാലിന്യ സംവിധാനം എന്നിവക്കായി ഏകദേശം 62.87 ലക്ഷം രൂപയാണ് ചിലവ്. കേന്ദ്ര സംസ്ഥാന സബ്സിഡിയോടുകൂടി കെട്ടിടത്തിൽ സൗരോർജ പ്ലാന്റുകൾ പൂർണമായും സൗജന്യമായി അനെർട് ആണ് സ്ഥാപിച്ചിട്ടുള്ളത്. ഇത് വഴി കെട്ടിടത്തിന്റെ പൊതുഇടനാഴികളിൽ സൗരോർജ വൈദ്യുതി ഉപയോഗിച്ചാണ് വെളിച്ച സംവിധാനം ഒരുക്കിയിട്ടുള്ളത്.

# കലാലയത്തിൽ ഒരു ഔഷധ ഉദ്യാനം; അശോകവനം ഒരുങ്ങി

കൊടും വേനലിനും ആരോഗ്യ ജീവനത്തിനും തണലായി കലാലയത്തിൽ പ്രതീക്ഷയുടെ പച്ചതുരുത്ത് അശോകവനം ഒരുങ്ങി. കൽപ്പറ്റ എൻ.എം.എസ്സ്.എം ഗവ. കോളേജിൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, വയനാട് ഹരിതകേരള മിഷൻ എന്നിവരുടെ ആഭിമുഖ്യത്തിൽ ഗവ.കോളേജ് എൻ.എസ്.എസ്. യൂണിറ്റിന്റെ സഹകരണത്തോടെയാണ് ഔഷധ സസ്യോദ്യാനം അശോകവനം ഒരുങ്ങിയത്. കലാലയത്തോട് ചേർന്നുള്ള പത്ത് സെന്റോളം സ്ഥലത്താണ് ഇനി അശോക മരങ്ങളും ഔഷധ സസ്യങ്ങളും തണൽ വിരിക്കുക.



കോളേജിലെ മൊട്ടക്കുന്നായിരുന്ന തരിശിടങ്ങളിൽ ഒരു ജൈവ ഔഷധ സസ്യ ആവാസ ലോകത്തെ സൃഷ്ടിച്ചെടുക്കുകയെന്നതാണ് ലക്ഷ്യം. സംസ്ഥാന സർക്കാർ നവകേരള മിഷന്റെ ഭാഗമായുള്ള ഹരിതകേരളം മിഷനാണ് ഉദ്യാന നിർമ്മിതിക്കും പരിപാലനത്തിനുമായി മേൽനോട്ടം വഹിക്കുന്നത്. കോളേജ് എൻ.എസ്.എസ്. യൂണിറ്റുകൾ അശോക വനത്തിന്റെ സംരക്ഷകരാകും. മുപ്പത്തിയഞ്ച് ഇനത്തിലായ മുന്നോറോളം ഔഷധ ചെടികളാണ് ആദ്യഘട്ടത്തിൽ ഇവിടെ നട്ടത്. ഔഷധ സസ്യങ്ങളുടെ വേനൽക്കാല സംരക്ഷണം വിദ്യാർത്ഥികൾ ഉറപ്പാക്കും. എം.എസ്.സ്വാമിനാഥൻ ഗവേഷണ നിലയത്തിൽ നിന്നാണ് അശോക വനത്തിലേക്കായുള്ള ഔഷധ സസ്യങ്ങൾ ലഭ്യമാക്കിയത്. പദ്മശ്രീ ചെറുവൽ രാമൻ നവകേരളം ഔഷധസസ്യ പച്ചത്തുരുത്ത് അശോകവനം ശംഖുപുഷ്പ തൈ നട്ട് ഉദ്ഘാടനം ചെയ്തു. ആരോഗ്യ ജീവനത്തിൽ ഈ മരുന്നുകൾക്കുള്ള പ്രാധാന്യം പുതിയ തലമുറകളിലേക്ക് പകരാൻ ഈ ഔഷധ സസ്യോദ്യാനം അശോകവനത്തിന് കഴിയുമെന്ന് പദ്മശ്രീ ചെറുവയൽ രാമൻ പറഞ്ഞു. കൽപ്പറ്റ നഗരസഭ ചെയർമാൻ മുജീബ് കേയംതൊടി അദ്ധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ്ബാബു പദ്ധതി വിശദീകരിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ.മുഹമ്മദ്, എൻ.എം.എസ്.എം ഗവ.കോളേജ് പ്രിൻസിപ്പാൾ ഷാജി തദ്ദേവൂസ്, എൻ.എസ്.എസ്. യൂണിറ്റ് പ്രോഗ്രാം ഓഫീസർമാരായ വിനോദ് തോമസ്, ഡോ. നീരജ, അസിസ്റ്റന്റ് എഡിറ്റർ ഇ.പി.ജിനീഷ്, ഡോ.അനൂപ് തങ്കച്ചൻ, ഹരിതകേരളം മിഷൻ ഇന്റേൺ അനേക് കൃഷ്ണൻ എന്നിവർ സംസാരിച്ചു.

# കോട്ടയം ജില്ലയെ മാലിന്യമുക്തമാക്കാനുള്ള പരിപാടികൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കും: ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

കോട്ടയം ജില്ലയെ മാലിന്യമുക്തമാക്കാനുള്ള പരിപാടികൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു. നവകേരളം വൃത്തിയുള്ള കേരളം-വലിച്ചെറിയൽ മുക്ത കേരളം കാമ്പയിന്റെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ശിൽപശാല ജില്ലാ പഞ്ചായത്ത് ഹാളിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അവർ. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ പരിപാടിയിൽ ഉൾപ്പെടുത്തി ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട 30 ഗ്രാമപഞ്ചായത്തുകളിൽ വാർഡ് തലത്തിൽ വലിച്ചെറിയൽ മുക്ത




കാമ്പയിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ 2025 ഏപ്രിൽ 25 നകം മാലിന്യ മുക്ത പ്രഖ്യാപനം നടത്തും.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01